മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് നടപടി

27 (*387) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) വരൾച്ചയെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മഴവെള്ള സംഭരണം ജനകീയമാക്കുന്നതിനും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിനുമായി കേന്ദ്ര . ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയാണ് വർഷ പദ്ധതി. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 5182 മഴവെള്ള സംഭരണ യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

മഴവെള്ള സംഭരണം ജനകീയമാക്കുന്നതിന്റെ ഭാഗമായി കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ.)മുഖാന്തിരം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകിവരുന്നു. വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കുടീവെള്ള ക്ഷാമം അനുഭവപ്പെടുന്ന വിദ്യാലയങ്ങളുടെ ലിസ്റ്റ് ജില്ലാടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു. 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ കിണർ റീചാർജിംഗിന് തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതി കൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ 2 ഭവനത്തിലേയ്ക്ക് 10000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്. ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവയാണ്.

- ശുദ്ധമായ കുടിവെള്ളം കുറഞ്ഞമുതൽമുടക്കിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു.
- ലളിതമായ സാങ്കേതികവിദ്യ (ഫെറോസിമന്റ്) ഉപയോഗിച്ച് സംഭരണികൾ നിർമ്മിക്കുന്നു.
- പദ്ധതിക്ക് ആവർത്തനചെലവ് ഏറ്റവും കുറഞ്ഞതോതിൽ മാത്രം
- മേൽക്കൂരയിലെ മഴവെള്ളം പാഴാവാതെ സംഭരിച്ച് ഉപയോഗപ്പെടുത്താം.
- ജലസ്രോതസ്സുകളിലെ ജലത്തിന്റെ ഉപയോഗം പരമാവധി കുറയുകയും വർഷകാലം മുഴുവനും വെള്ളം സംഭരിച്ച് ഉപയോഗിക്കുകയും ചെയ്യാം.
- വൈദ്യുതി കൂടാതെയുള്ള ജലസംഭരണമാണ് മഴവെള്ള സംഭരണം. വൈദ്യുതിയുടെ ഉപയോഗം കുറയുന്നു.
- മഴവെള്ളം ഉപയോഗിച്ച് ഭൂജലപരിപോഷണം നടത്തുന്നതിലൂടെ ഭൂജലവിതാനത്തിൽ ഗണ്യമായ വർദ്ധനവ് കൊണ്ടുവരാൻ സാധിക്കുന്നു.
- കുടിവെള്ളത്തിന് ഇതര സ്രോതസ്സുകൾ , മാർഗ്ഗങ്ങൾ ഇല്ലാത്തിടങ്ങളിൽ മഴവെള്ള സംഭരണം ഏറ്റവും അനുയോജ്യം.

(സി) വർഷ പദ്ധതി 2002 മുതൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ചെലവിന്റെ 90 ശതമാനം കേന്ദ്ര സഹായവും 10 ശതമാനം ഉപഭോക്തൃ വിഹിതവുമാണ്. എൻ.ജി.ഒ. മുഖെനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടുംബാംഗങ്ങൾക്ക് പദ്ധതി സഹായം ലഭ്യമാക്കുന്നു. പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സേവനം സംഭരണികളുടെ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നു.

(ഡി) കുടിവെള്ള ലഭ്യത കുറവായ സ്ഥലങ്ങളിൽ വർഷകാലത്ത് മഴവെള്ളം സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗപ്പെടുത്തുന്നതുമൂലം കുടിവെള്ള ക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കാനാകും.

LIBRARY ARCHIVES Kerala Legislative Assembly

കെ.ആർ.ഡബ്ല്യു.എസ്.എ. മഴവെള്ള സംഭരണികളിൽ നിന്നും നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന മഴവെള്ളം റീചാർജ്ജ് പിറ്റിലേയ്ക്ക് ഒഴുക്കി ഭൂജല സംവർദ്ധനത്തിന് ഉപയോഗിക്കുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഭൂജല വിതാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയും ആയത് വരൾച്ചയെ പ്രതിരോധിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. വരൾച്ചാ പ്രതിരോധ പദ്ധതിയുടെ ഭാഗമായി മഴവെള്ള സംഭരണത്തിനായി 15-10-2014-ലെ സ.ഉ. (സാധാ)നമ്പർ 977/14/ജ.വി.വ നമ്പർ ഉത്തരവ് പ്രകാരം 420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

28 (*388) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നിർമ്മിക്കേണ്ടിയിരുന്ന സബ്സെന്ററുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) ഇതുവരെ എത്ര പ്രൈമറി ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തന സജ്ജമാക്കിയെന്നും ഇതിനായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷ കാലയളവുകളിൽ താഴെപ്പറയുന്ന പദ്ധതികൾ ആരംഭിക്കുകയും വിവിധ സാമ്പത്തിക വർഷങ്ങളിലായി തുക വകയിരുത്തുകയും പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

1. വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികൾ

2. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനുകീഴിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണം

LIBRARY ARCHIVES Kerala Legislative Assembly